ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 16.11.2024

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നൈജീരിയ, ബ്രസീൽ, ഗയാന സന്ദർശനത്തിന് തുടക്കമായി.

2. പാലക്കാട് നിയമസഭാ ഉപതിരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം അവശേഷിക്കെ പ്രചാരണം ഊർജിതമാക്കി രാഷ്ട്രീയ പാർട്ടികൾ.

3. വിർച്വൽ ക്യൂ സംവിധാനം വഴി ശബരിമല തീർത്ഥാടകർക്ക് ആദ്യ ദിനത്തിൽ സുഗമമായ ദർശനം സാധ്യമായതായി മന്ത്രി വി. എൻ. വാസവൻ.

4. സംരംഭക വർഷം പദ്ധതിയിലൂടെ സംസ്ഥാനത്ത് രണ്ടര വർഷത്തിനിടെ മൂന്ന് ലക്ഷത്തി 27 ആയിരത്തിലധികം സംരംഭങ്ങൾ ആരംഭിച്ചതായി മന്ത്രി പി രാജീവ്.

5. കേരളത്തിലെ സഹകരണമേഖല രാജ്യാന്തര തലത്തിൽ മാതൃകയായി മാറിയെന്ന് മന്ത്രി റോഷി അഗസ്റ്റിൻ.

6. ആലപ്പുഴയിൽ നടക്കുന്ന സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ പാലക്കാട് ജില്ലക്ക് മുന്നേറ്റം.

*************************************

## പ്രധാനമന്ത്രി

ആറ് ദിവസത്തെ നൈജീരിയ, ബ്രസീൽ, ഗയാന സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി യാത്ര തിരിച്ചു. ജനാധിപത്യം ബഹുസ്വരത എന്നിവയിൽ ഇരുരാജ്യങ്ങൾക്കുമുള്ള വിശ്വാസത്തിൽ അധിഷ്ഠിതമായ തന്ത്രപരമായ പങ്കാളിത്തം സ്ഥാപിക്കുന്നതിന് നൈജീരിയൻ സന്ദർശനം അവസരമൊരുക്കുമെന്ന് യാത്ര പുറപ്പെടുന്നതിന് മുൻപ് നടത്തിയ പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു. നൈജീരിയൻ പ്രസിഡന്റ് ബോല അഹമ്മദ് ടിനുബുവിന്റെ ക്ഷണപ്രകാരമാണ് പ്രധാനമന്ത്രിയുടെ സന്ദർശനം. രണ്ടാം ഘട്ടത്തിൽ ജി 20 ഉച്ചകോടിയിൽ പങ്കെടുക്കാൻ ശ്രീ നരേന്ദ്ര മോദി ബ്രസീലിലെ റിയോ ഡി ജനീറോയിൽ എത്തും. ചൊവ്വാഴ്ച ഗയാന സന്ദർശിക്കുന്ന പ്രധാനമന്ത്രി വ്യാഴാഴ്ച ഇന്ത്യയിലേക്ക് മടങ്ങും.

RNU TVPM

************************************

## പാലക്കാട് - ഇൻട്രോ

അപ്രതീക്ഷിത രാഷ്ട്രീയ നീക്കങ്ങളുമായാണ് പാലക്കാട് നിയമസഭാ ഉപതിരഞ്ഞെടുപ്പ് പ്രചാരണം ക്ലൈമാക്സിലേക്ക് കടക്കുന്നത്. ശക്തമായ ത്രികോണ മത്സരം നടക്കുന്ന മണ്ഡലത്തിൽ നിർണ്ണായകമാകുന്ന ഓരോ വോട്ടും ഉറപ്പിക്കാനുള്ള അവസാനവട്ട ശ്രമങ്ങളിലാണ് സ്ഥാനാർത്ഥികൾ.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.........**

(വോയ്സ്)

************************************

## വിർച്വൽ ക്യൂ - വി.എൻ. വാസവൻ

വിർച്വൽ ക്യൂ സംവിധാനം വഴി ശബരിമല തീർത്ഥാടകർക്ക് ആദ്യ ദിനത്തിൽ സുഗമമായ ദർശനം സാധ്യമായതായി മന്ത്രി വി.എൻ.വാസവൻ. 30,000 പേരാണ് നടതുറന്ന വെള്ളിയാഴ്ച ദർശനത്തിനായി വിർച്വൽ ക്യൂ വഴി ബുക്ക് ചെയ്തിരുന്നത്. ഇതിൽ 26,942 പേർ ദർശനം നടത്തി. സ്പോട്ട് ബുക്കിങ് വഴി 1872 ഭക്തരും എത്തി. ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സന്നിധാനത്തെ വിവിധ വകുപ്പ് മേധാവിമാരുടെ അവലോകനയോഗത്തിനു ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി.

**************************************

## ശബരിമല - കാനന പാത സമയക്രമം

ശബരിമല മണ്ഡല മകര വിളക്ക് മഹോത്സവവുമായി ബന്ധപ്പെട്ട് കാനന പാതയിലൂടെ തീർത്ഥാടകരുടെ സഞ്ചാരത്തിന് സമയ ക്രമീകരണം ഏർപ്പെടുത്തിയതായി ഇടുക്കി ജില്ലാ കളക്ടർ അറിയിച്ചു. തീർത്ഥാടകരുടെ സുരക്ഷിതവും സുഗമവുമായ യാത്രാ സൗകര്യം കണക്കിലെടുത്താണ് സമയക്രമീകരണം ഏർപ്പെടുത്തിയത്.

RNU TVPM

**************************************

## ശബരിമല - ഇൻട്രോ

ശരണമന്ത്രങ്ങളാൽ മുഖരിതമായ ശബരിമലയിൽ 25ാം വർഷവും മണ്ഡല-മകരവിളക്ക് കാലങ്ങളിലെ എല്ലാ ദിവസവും മുടങ്ങാതെ ശരണം വിളിക്കുന്ന ഒരാളുണ്ട്. സന്നിധാനത്ത് ദേവസ്വം ബോർഡ് ഇൻഫർമേഷൻ സെൻററിൽ തീർഥാടകർക്ക് വേണ്ട നിർദേശങ്ങൾ അനൗൺസ്മെന്റ് ചെയ്യുന്ന പത്തനംതിട്ട കോഴഞ്ചേരി

സ്വദേശി എ.പി ഗോപാലകൃഷ്ണൻ നായർ ഇത്തവണയും പതിവുതെറ്റാതെ സന്നിധാനത്ത് ജോലി തുടരുകയാണ്.

**ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ തയാറാക്കിയ റിപ്പോർട്ട്...**

(വോയ്സ്)

*************************************

**പി രാജീവ്**

സംരംഭക വർഷം പദ്ധതിയിലൂടെ രണ്ടര വർഷത്തിനിടെ മൂന്ന് ലക്ഷത്തി 27,054 സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചതായി മന്ത്രി പി രാജീവ്. പുതുതായി ആരംഭിച്ച സംരംഭങ്ങളിൽ ഒരു ലക്ഷത്തിലധികം സംരംഭങ്ങളും നിർമ്മാണ മേഖലയിലാണെന്നും മന്ത്രി സമൂഹമാധ്യമ പോസ്റ്റിൽ അറിയിച്ചു. ഇതിലൂടെ 18,943.64 കോടി രൂപയുടെ നിക്ഷേപം കേരളത്തിലെത്തിക്കാൻ സാധിച്ചതായും ആറ് ലക്ഷത്തി 22,512 പേർക്ക് തൊഴിൽ ലഭിച്ചതായും മന്ത്രി പറഞ്ഞു.

RNUTVPM

*************************************

**ചേവായൂർ സഹകരണ ബാങ്ക്**

കോഴിക്കോട് ചേവായൂർ ബാങ്ക് തെരഞ്ഞെടുപ്പിനിടെ സംഘർഷം. കോൺഗ്രസ് – സി.പി.എം പ്രവർത്തകർ തമ്മിൽ കൈയ്യേറ്റമുണ്ടായി. ആക്രമണത്തിനിടെ വാഹനങ്ങളുടെ ചില്ലുകളും തകർത്തു. സംഘർഷവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ കോൺഗ്രസ് ജില്ലാ കമ്മിറ്റി നാളെ ഹർത്താൽ പ്രഖ്യാപിച്ചു. രാവിലെ 6 മുതലാണ് ഹർത്താൽ.

*************************************

## സജി ചെറിയാൻ

പുതുതലമുറക്ക് വളരാൻ ശാസ്ത്ര വിജ്ഞാനം അത്യന്താപേക്ഷിതമാണെന്ന് മന്ത്രി സജി ചെറിയാൻ. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും പരാജയപ്പെടുത്തി പുരോഗതിയിലേക്ക് കുതിക്കാൻ അതിലൂടെ സാധിക്കുമെന്നും മന്ത്രി പറഞ്ഞു. കേരള സ്കൂൾ ശാസ്ത്രോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിച്ച കരിയർ സെമിനാറും കരിയർ എക്സിബിഷനും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

***********************************

## ആലപ്പുഴ - ശാസ്ത്രമേള - ഇൻട്രോ

ആലപ്പുഴയിൽ നടക്കുന്ന കേരള സ്കൂൾ ശാസ്ത്രോത്സവത്തിൽ പാലക്കാട് ജില്ല മുന്നിൽ. 160 പോയിന്റ് ആണ് പാലക്കാടിനുള്ളത്. 158 പോയിന്റുമായി മലപ്പുറം രണ്ടാം സ്ഥാനത്തും 151 പോയിന്റുമായി കണ്ണൂർ മൂന്നാം സ്ഥാനത്തും ഉണ്ട്. കരിയർ സെമിനാർ, എക്സ്പോ എന്നിവയും ശാസ്ത്രോത്സവത്തിൻറെ ഭാഗമായി സംഘടിപ്പിച്ചു.

RNU TVPM

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവികുമാർ...**

(വോയ്സ്)

***********************************

## റോഷി അഗസ്റ്റിൻ

കേരളത്തിലെ സഹകരണമേഖല രാജ്യാന്തര തലത്തിൽ മാതൃകയായി മാറിയെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. ദേശീയ സഹകരണവാരാഘോഷത്തിൻറെ ജില്ലാതല ഉദ്ഘാടനം

ഇടുക്കിയിൽ നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. രണ്ടര ലക്ഷം കോടി രൂപ നിക്ഷേപമുള്ള മേഖലയായി സഹകരണമേഖല മാറിക്കഴിഞ്ഞതായും മന്ത്രി പറഞ്ഞു.

***********************************

## കെ എൻ ബാലഗോപാൽ

കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്ന ഇടപെടലുകൾ പ്രോത്സാഹിപ്പിക്കണമെന്ന് മന്ത്രി കെ എൻ ബാലഗോപാൽ. 71-ാമത് അഖിലേന്ത്യാ സഹകരണ വാരാഘോഷം കൊല്ലം ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. സഹകരണ മേഖലയെ നിലനിർത്തുന്നതിന് ധാരാളം പ്രവർത്തനങ്ങൾ സർക്കാർ നടത്തുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

***********************************

RNU TVPM

## രണ്ടാംമൈൽ വ്യൂപോയിൻറ് - ഇടുക്കി - ഇൻട്രോ

മൂന്നാറിലേക്കെത്തുന്ന സഞ്ചാരികളുടെ ഇഷ്ടകേന്ദ്രമാണ് രണ്ടാംമൈൽ വ്യൂപോയിന്റും പരിസര പ്രദേശങ്ങളും. മലനിരകളെ പുൽകിയിറങ്ങുന്ന കോടമഞ്ഞും തേയിലച്ചെടികളാൽ പച്ചവിരിച്ച മലഞ്ചെരുവും രണ്ടാംമൈലിനെ സഞ്ചാരികളുടെ ഇഷ്ടകേന്ദ്രമാക്കുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

(വോയ്സ്)

***********************************

## സന്ദീപ് വാര്യർ

ബിജെപി സംസ്ഥാന കമ്മിറ്റി അംഗമായിരുന്ന സന്ദീപ് വാര്യർ കോൺഗ്രസിൽ ചേർന്നു. കെ.പി.സി.സി അധ്യക്ഷൻ കെ. സുധാകരൻ, പ്രതിപക്ഷ നേതാവ് വി. ഡി. സതീഷൻ എന്നിവരുടെ സാന്നിധ്യത്തിൽ പാലക്കാട് നടന്ന ചടങ്ങിലായിരുന്നു സന്ദീപിൻ്റെ പാർട്ടി പ്രവേശനം. സന്ദീപ് വാര്യരുടെ കോൺഗ്രസ് പ്രവേശനം അപ്രസക്തമായ തിരക്കഥയെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ പ്രതികരിച്ചു. സന്ദീപിൻ്റെ പാർട്ടി മാറ്റം ബിജെപിയിലോ സംസ്ഥാനത്തോ യാതൊരു ചലനവും ഉണ്ടാക്കില്ലെന്നും അദ്ദേഹം പറഞ്ഞു. സന്ദീപിനെ ഇടതുപക്ഷത്തേക്ക് വിളിക്കുന്ന കാര്യം ആലോചിച്ചിട്ടില്ലെന്നും കോൺഗ്രസിൽ ചേർന്നതിൽ ഇടതു പക്ഷത്തിന് പരിഭവമില്ലെന്നും മന്ത്രി എം.ബി.രാജേഷ് പറഞ്ഞു.

RNU TVPM

************************************

## മഴ

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, കോഴിക്കോട്, വയനാട് എന്നീ ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

**************************************************

*********************************

********************

RNU TVPM